**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

**അഞ്ചാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ
(വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

(2012 ഡിസംബർ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2011–2014)

അഞ്ചാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008–2011)യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ
(വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

2369/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011–2014)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എം. എ. ബേബി

,, എ. കെ. ബാലൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ഇ. പി. ജയരാജൻ

,, സി. മോയിൻകുട്ടി

,, കെ. മുരളീധരൻ

,, കെ. രാജു

,, എ. കെ. ശശീന്ദ്രൻ

,, സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 ഡിസംബർ മാസം 13-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 19.

## അദ്ധ്യായം I

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-11) യുടെ പതിമൂന്നാമത് റിപ്പോർട്ട് (വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 16-7-2009-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 51 ശുപാർശ കൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

2. റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ അവയിലെ ശുപാർശകൾ/നിർദ്ദേശങ്ങളി ന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 21-11-2009-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. ആകെയുള്ള 51 ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 4-12-2012-ാം തീയതി കൂടിയ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയുമുണ്ടായി.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-11) യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു. പ്രസ്തുത ശുപാർശകളും ആയതിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-11)-യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശ കളും പ്രസ്തുത ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തവ (ബ്രായ്ക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്).

### ശുപാർശ 1 (ഖണ്ഡിക 9)

ചെറുകിട ഇടത്തരം നിക്ഷേപകർക്ക് ആവശ്യമായ സഹായം സർക്കാർ നൽകണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ടൂറിസം രംഗത്ത് കടന്നുവരുന്ന നിക്ഷേപകർക്ക് നിലവിൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇലക്ട്രിസിറ്റി സബ്സിഡിയും നൽകിവരുന്നു. ഹോം സ്റ്റേ, ആയുർവ്വേദം, സർവ്വീസ്ഡ് വില്ല തുടങ്ങിയവയ്ക്കും വകുപ്പ് അപ്രൂവൽ നൽകുന്നുണ്ട്. പുതിയ ടൂറിസം പോളിസിൽ സംസ്ഥാനത്ത് ഹോം സ്റ്റേ സംവിധാനം പ്രോത്സാഹിപ്പിക്കു വാനായി റെസിഡൻഷ്യൽ താരിഫ് നിരക്കിൽ ഹോം സ്റ്റേകൾക്ക് വൈദ്യുതിയും വെള്ളവും വൈദ്യുത ജലവിഭവ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടൂർ ഓപ്പറേഷൻ, ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ മേഖലകളിലെ പുതിയ സംരംഭകർ എന്നിവർക്ക് ദേശീയ അന്തർദേശീയ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിലേക്കായി ആദ്യത്തെ മൂന്ന് വർഷങ്ങളിലേക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതിയും വിവക്ഷ ചെയ്യുന്നു.

2369/2012.

ശുപാർശ 2 (ഖണ്ഡിക 11)

ഹോട്ടൽ മാനേജ്മെന്റ്, കേറ്ററിംഗ് ഗൈഡ് ട്രെയിനിംഗ് എന്നീ കോഴ്സുകൾ തുടങ്ങുന്നതിനും ഹോസ്റ്റൽ സൗകര്യം, വാഹന സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

മലയാറ്റൂരിൽ വിവിധയിനം പരിശീലന പരിപാടികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ കീഴിൽവരുന്ന കീറ്റ്സ് എന്ന സ്ഥാപനം മുഖേന എടുത്തു വരുന്നുണ്ട്.

ശുപാർശ 3 (ഖണ്ഡിക 12)

ഡി. റ്റി. പി. സി.യുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ പാസായ യോഗ്യതയുള്ളവരെ നിയമിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റുകളുടെ സേവനം ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കാൻ ഡി.റ്റി.പി.സി.കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഡി.റ്റി.പി.സി. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സേവനം ആരിൽ നിന്നെടുക്കാനും വകുപ്പിന് തടസ്സമില്ല.

ശുപാർശ 4 (ഖണ്ഡിക 13)

ഡ്രൈവർമാർ, ഗൈഡുകൾ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെടുന്നവർക്ക് ബോധവൽക്കരണം ഉറപ്പാക്കുന്ന ട്രെയിനിംഗ് നടത്തണമെന്നും പോലീസും വിനോദ സഞ്ചാര വകുപ്പും ഇക്കാര്യത്തിൽ ജാഗരൂകരാകണമെന്നും നിർദ്ദേശിക്കുന്നു. ടൂറിസ്റ്റ്-ടാക്സി ഡ്രൈവർമാർക്ക് നടപ്പിലാക്കിയ 'ലറ്റസ് ലേൺ' (let us learn) എന്ന പരിശീലന പരിപാടി തുടരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ടൂറിസം പോലീസ്, എമിഗ്രേഷൻ ഓഫീസർ, ഡ്രൈവർമാർ, ടൂർ ഗൈഡുകൾ, ഇൻഫർമേഷൻ അസിസ്റ്റന്റുമാർ എന്നിവർക്കുള്ള റിഫ്രഷ്മെന്റ് കോഴ്സുകൾ കിറ്റ്സ് നടത്തിവരുന്നു. ടൂറിസം രംഗത്തെ വിവിധ മേഖലകളുമായി ബന്ധപ്പെടുന്നവർക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമും കിറ്റ്സ് വഴി നടപ്പിലാക്കുന്നുണ്ട്.

ശുപാർശ 5 (ഖണ്ഡിക 14)

വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയത്തക്കവിധം ഗൈഡുകൾക്ക് ട്രെയിനിംഗ് കൊടുക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിനും അതാത് ജില്ലകളെക്കുറിച്ചുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ അറിയുന്ന സമർത്ഥരായ തദ്ദേശീയ ഗൈഡുകൾക്ക് പരിശീലനം നൽകി എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി. തലത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയത്തക്കവിധം ലോക്കൽ ലെവൽ, സ്റ്റേറ്റ് ലെവൽ എന്നീ കാറ്റഗറിയിൽ ഗൈഡ് ട്രെയിനിംഗ് കോഴ്സുകൾ കിറ്റ്സ് നടത്തിവരുന്നുണ്ട്.

ശുപാർശ 6 (ഖണ്ഡിക 4)

ലൈസൻസുള്ള ഗൈഡുകളും സർക്കാർ ഏജൻസികളുടെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും മാത്രം പ്രവർത്തിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ അംഗീകൃത ഇൻഫർമേഷൻ സെന്ററുകൾ എല്ലാ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലും നിലവിലുണ്ട്. ടൂറിസം വകുപ്പ് ഗൈഡ് ലൈസൻസ് നൽകുകയും അംഗീകൃത ഇന്ത്യാ ടൂറിസം ലൈസൻസുള്ള ടൂറിസ്റ്റ് ഗൈഡുകളുടെ ലിസ്റ്റ് കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയിട്ടുമുണ്ട്.

ശുപാർശ 7 (ഖണ്ഡിക 15)

അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ടൂറിസം വകുപ്പിന് അനുവദിച്ച് നൽകിയിട്ടുള്ള തുകകൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 2008-09 | : | 743 ലക്ഷം |
| 2009-10 | : | 1440 ലക്ഷം |
| 2010-11 | : | 2680 ലക്ഷം |
| 2011-12 | : | 2400 ലക്ഷം |
| 2012-13 | : | 4600 ലക്ഷം |

ശുപാർശ 8 (ഖണ്ഡിക 16)

കേരളത്തിലുടനീളം അവഗണിക്കപ്പെട്ട് കാണപ്പെടുന്ന ചരിത്രശേഷിപ്പുകളെ സംരക്ഷിച്ച് ഹെറിറ്റേജ് ടൂറിസം വിപുലീകരിക്കണമെന്നും ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ കാവുകൾ സംരക്ഷിക്കണമെന്നും പൈതൃക സ്മാരകങ്ങൾ ഉൾപ്പെടുത്തി ടൂറിസ്റ്റ് സർക്യൂട്ടുകൾ വിഭാവനം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗുകൾ, ജലഗതാഗതം വഴിയുള്ള ചരിത്രസ്മാരകങ്ങൾ എന്നിവ ഉൾപ്പെടുന്ന ബൃഹത്തായ മുസിരിസ് പൈതൃക പദ്ധതിയുടെ ഒന്നാംഘട്ടം 2012 ഡിസംബറിൽ പൂർത്തിയാക്കുന്നതാണ്. കൂടാതെ മുസിരിസ് പദ്ധതിയുടെ മാതൃകയിൽ തലശ്ശേരിയിലെ ചരിത്രസ്മാരകങ്ങൾ ഉൾപ്പെടുത്തി തലശ്ശേരി പൈതൃക പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

<u>ശുപാർശ 9 (ഖണ്ഡിക 17)</u>

വിനോദസഞ്ചാരികളിൽനിന്ന് എൻട്രി ഫീസിനത്തിൽ ലഭിക്കുന്ന തുക ട്രഷറിയിൽ അടയ്ക്കുന്ന സംവിധാനം മാറ്റി ഒരു ലോക്കൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങി അതിൽനിന്ന് സ്റ്റാഫിന്റെ ശമ്പളവും മെയിന്റനൻസ് ചെലവും വഹിക്കുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് പുരാവസ്തുവകുപ്പാണ്.

<u>ശുപാർശ 10 (ഖണ്ഡിക 18)</u>

കൊല്ലം-തിരുവനന്തപുരം ജലപാതയിലെ പ്രധാന ഭൂഗർഭ തുരങ്കമായ വർക്കല ടി.എസ്. കനാൽ തുരങ്കത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കണമെന്നും തുരങ്കം സഞ്ചാരയോഗ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ദേശീയ ജലപാത പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കൊല്ലം-തിരുവനന്തപുരം ജലപാതയുടെ നവീകരണവും ഭൂഗർഭ തുരങ്കം സഞ്ചാരയോഗ്യമാക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇൻലാന്റ് നാവിഗേഷൻ വകുപ്പാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഈ പ്രവർത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിന്റെ വിനോദസഞ്ചാര പ്രാധാന്യം വ്യക്തമാക്കി വിപണനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശുപാർശ 11 (ഖണ്ഡിക 20)</u>

വിനോദസഞ്ചാര വികസന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ മുതൽമുടക്കുന്നവർക്ക് പ്രോത്സാഹനമായി സബ്സിഡി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സബ്സിഡി ഈ പദ്ധതിയിൽ മുതൽമുടക്കുന്നവർക്കും അനുവദിച്ചുവരുന്നു.

<u>ശുപാർശ 12 (ഖണ്ഡിക 21)</u>

ടൂറിസം മേഖലയിലെ സ്വകാര്യസംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടി.ആർ.കെ.എൽ. പദ്ധതിയുടെ പ്രവർത്തനമണ്ഡലം വികസിപ്പിക്കുന്നതിന് നൽകിയിട്ടുള്ള പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി.ആർ.കെ.എൽ., കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന പേരിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

<u>ശുപാർശ 13 (ഖണ്ഡിക 22)</u>

ഓരോ പ്രോജക്ടുകൾ തീരുമ്പോഴും അതിന്റെ ദൈനംദിന കാര്യങ്ങൾ എം.എൽ.എ. ചെയർമാനായിട്ടുള്ള കമ്മിറ്റി നടപ്പിലാക്കുന്നതിൽ കൂടുതൽ ശുഷ്കാന്തി കാട്ടണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി പ്രദേശത്തെ എം.എൽ.എ.മാർ ചെയർമാൻമാരായി സംസ്ഥാനത്തെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ (ഡി.എം.സി.) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

<u>ശുപാർശ 14 (ഖണ്ഡിക 24)</u>

ഡി.റ്റി.പി.സി.കളുടെ പ്രവർത്തനത്തിൽ ഡീ-സെൻട്രലൈസേഷൻ ആവശ്യമാണെന്നതിനാൽ ഡി.റ്റി.പി.സി.കളുടെ ഘടന പുനഃസംഘടിപ്പിക്കണമെന്നും ഒഴിവുള്ള സ്ഥലങ്ങളിൽ എത്രയുംവേഗം സെക്രട്ടറിമാരെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഡി.റ്റി.പി.സി.കളുടെ പ്രവർത്തനം വികേന്ദ്രീകരിച്ചാണ് ഡി.എം.സി.കൾ രൂപീകരിച്ചത്. വയനാട്, കണ്ണൂർ ഒഴികെ എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമനം നടത്തിയിട്ടുണ്ട്. വയനാട്, കണ്ണൂർ ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമന നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.

<u>ശുപാർശ 15 (ഖണ്ഡിക 25)</u>

കേന്ദ്രവിഹിതം ലാപ്സാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഓരോ പ്രദേശത്തും ഡെസ്റ്റിനേഷൻ കമ്മിറ്റികൾ വേണ്ടത്ര പഠനം നടത്തി പ്രയോജനപ്രദവും ലാഭകരവുമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ച് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്നും ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പുതിയ പദ്ധതികൾ നിർദ്ദേശിക്കുമ്പോൾ അതിനാവശ്യമായ സ്ഥലം ലഭ്യമാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി തുടങ്ങിയവ ഉറപ്പാക്കിയശേഷം മാത്രമേ നിലവിൽ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നുള്ളൂ.

<u>ശുപാർശ 16, 17 (ഖണ്ഡിക 26)</u>

മലമ്പുഴ മാലിന്യവിമുക്തമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മലമ്പുഴ ഡാമിന്റെ സംരക്ഷണം ജലവിഭവ വകുപ്പിനും ഗാർഡന്റെ പൂർണ്ണ നിയന്ത്രണം ഡി.റ്റി.പി.സി.ക്കും ലഭിക്കുന്ന സംവിധാനമുണ്ടാക്കണമെന്നും കൂടാതെ ജലധാര, നീന്തൽക്കുളം എന്നിവ നവീകരിക്കണമെന്നും ബോട്ട് സർവ്വീസ് വിപുലീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

മലമ്പുഴ ഡെസ്റ്റിനേഷന്റെ വികസനത്തിനായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി നടപ്പിലാക്കുകയും ഉദ്യാനങ്ങളും പരിസരങ്ങളും മാലിന്യവിമുക്തമാക്കി ടൂറിസ്റ്റുകൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. ഡാമിന്റെ നിയന്ത്രണം ജലസേചന വകുപ്പും ഉദ്യാന പരിപാലനം ജില്ലാ കളക്ടറും ജലസേചന വകുപ്പും സംയുക്തമായും നിർവ്വഹിക്കുന്നു. മലമ്പുഴ ഗാർഡന്റെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചുവരികയും നീന്തൽക്കുളം നവീകരിക്കുകയും ചെയ്തിട്ടുണ്ട്. സെക്യൂരിറ്റിയുടെ ഭാഗമായി റിസർവയറിലുള്ള ബോട്ടിംഗ് നിരോധിച്ചിരിക്കുകയാണ്. കനാലിൽ ബോട്ടിംഗ് സർവ്വീസ് നടത്തിവരുന്നുണ്ട്.

ശുപാർശ 18 (ഖണ്ഡിക 27)

നെല്ലിയാംപതി, പറമ്പിക്കുളം, സൈലന്റ് വാലി, മംഗലം ഡാം തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി പ്രത്യേക വിനോദസഞ്ചാര പാക്കേജ് ആരംഭിക്കുന്നതിന് ഡി.റ്റി.പി.സി. മുൻകൈ എടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സ്വകാര്യ സംരംഭകരിലൂടെ ടൂർ പാക്കേജ് ഈ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

ശുപാർശ 19 (ഖണ്ഡിക 29)

വടക്കൻ ജില്ലകളിലെ അനുഷ്ഠാനകലാരൂപമായ തെയ്യം കാണുന്നതിനും തെയ്യം സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിനും തെയ്യം ഗ്രാമങ്ങൾ, തെയ്യം മ്യൂസിയം, നാട്ടറിവ് കേന്ദ്രങ്ങൾ എന്നിവ സജ്ജീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഇത്തരം പദ്ധതികൾ തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ 20 (ഖണ്ഡിക 30 )

കാപ്പാട് നിന്ന് വെള്ളിയാംകല്ലിലേക്ക് ബോട്ട് സർവ്വീസ് ആരംഭിച്ചാൽ വളരെ നേട്ടമുണ്ടാകുമെന്നതിനാൽ ആയതിന് നടപടി സ്വീകരിക്കണമെന്നും കോഴിക്കോട് പട്ടണം കേന്ദ്രീകരിച്ച് സരോവരം സ്കീം നടപ്പാക്കണമെന്നും വെള്ളിയാംകല്ല്, തുഷാരഗിരി, കാപ്പാട്, ഇടയ്ക്കൽ ഗുഹ എന്ന ടൂറിസം സർക്യൂട്ട് വികസിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് പട്ടണം കേന്ദ്രീകരിച്ച് സരോവരം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. കോഴിക്കോട് ജില്ലയിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങൾ ടൂർ ഓപ്പറേറ്റർമാർക്ക് പരിചയപ്പെടുത്താൻ കോഴിക്കോട് ഡി.റ്റി.പി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാപ്പാട് നിന്ന് വെള്ളിയാംകല്ലിലേക്കുള്ള യാത്ര സാഹസികമാണ്. സാഹസികയാത്ര ഇഷ്ടപ്പെടുന്ന ടൂറിസ്റ്റുകൾ മാത്രമേ ഈ യാത്രയിൽ പങ്കെടുക്കുവാൻ എത്താറുള്ളൂ. ആയതിനാൽ സ്ഥിരം ബോട്ട് സർവ്വീസ് പ്രായോഗികമല്ല. ടൂറിസ്റ്റുകളുടെ താല്പര്യമനുസരിച്ചുള്ള യാത്ര സംഘടിപ്പിക്കുവാൻ ഡി.റ്റി.പി.സി.യെ ചുമതലപ്പെടുത്തുന്നതാണ്.

## ശുപാർശ 21 (ഖണ്ഡിക 31)

പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം മത്സ്യബന്ധനമേഖലയെ സഹായിക്കാനുതകുന്നതരത്തിൽ ജലാശയങ്ങളുടെ വിപണന സാദ്ധ്യത വിലയിരുത്തി കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ജലാശയ ടൂറിസം ആസൂത്രണം ചെയ്യണമെന്നും പയ്യന്നൂരിലെ കവ്വായ്പുഴയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിൽ മത്സ്യബന്ധന മേഖലയെ സഹായിക്കാൻ ഉതകുന്നതരത്തിൽ ഡി.റ്റി.പി.സി. വഴിയും ബി.ആർ.ഡി.സി. വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## ശുപാർശ 22 (ഖണ്ഡിക 32)

ഇടുക്കി ജില്ലയിലെ ഇക്കോടൂറിസം, ഹൈഡൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം തുടങ്ങിയ വ്യത്യസ്ത വിനോദസഞ്ചാര പദ്ധതികളെ ഏകോപിപ്പിക്കുന്നവിധത്തിൽ സംവിധാനമുണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതുപോലെതന്നെ കുമരകം പക്ഷിസങ്കേതവുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ ഭരണസംവിധാനം കുറച്ചുകൂടി കാര്യക്ഷമമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഇടുക്കി ജില്ലയിലെ ഹൈഡൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള ശുപാർശ നടപ്പാക്കാൻ ഇടുക്കി കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.റ്റി.പി.സി.യുടെ കമ്മിറ്റിയിൽ ഈ മൂന്ന് മേഖലകളിലെ ആൾക്കാരെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കുമരകം പക്ഷിസങ്കേതത്തിന്റെ ഭരണസംവിധാനം കാര്യക്ഷമമാക്കാൻ കെ.റ്റി.ഡി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശുപാർശ 23 (ഖണ്ഡിക 33)

ടൂറിസം മേഖലയ്ക്ക് വൻനേട്ടമുണ്ടാക്കാവുന്ന വർഷങ്ങൾക്കുമുമ്പ് മൂന്നാറിൽ നിലനിന്നിരുന്ന റോപ്പ്‌വേ സംവിധാനം പുനഃസ്ഥാപിക്കണമെന്നും അത് രാജമലവരെ നീട്ടുകയും ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

റോപ്പ്‌വേ പദ്ധതി കെ.ടി.ഐ.എൽ. മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

ശുപാർശ 24 (ഖണ്ഡിക 34)

മൂന്നാറിനായി നടപ്പാക്കിവരുന്ന ബ്യൂട്ടിഫിക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഓഫ് റിവർ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാംഘട്ടം പൂർത്തീകരിച്ചു.

ശുപാർശ 25 (ഖണ്ഡിക 35)

നിയമം അനുശാസിക്കുന്ന വ്യവസ്ഥ പാലിച്ച് ബോട്ട് സർവ്വീസ് നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ 26 (ഖണ്ഡിക 35)

ജീവനക്കാർക്ക് ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകണമെന്നും കായൽ ടൂറിസത്തിന് തടസ്സമായിട്ടുള്ള പായൽ നീക്കം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പായൽ നീക്കം ചെയ്യാൻ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വേമ്പനാട്ട് കായലിന്റെ ഭാഗമായി വരുന്ന ആലപ്പുഴ കനാലുകളിൽ ഉപ്പുവെള്ളം കയറ്റി പായൽ നശിപ്പിക്കുവാനുള്ള ഒരു പദ്ധതി ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ജീവനക്കാർക്കായി വിവിധ പലിശീലന പരിപാടികൾ കെ.ഐ.ടി.ടി.എസ്., ഡി.ടി.പി.സി. തുടങ്ങിയ ഏജൻസികൾ മുഖേന നടത്തിവരുന്നുണ്ട്. ഈ പരിശീലന പരിപാടിയിൽ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും ഉൾപ്പെടുത്തുന്നതാണ്.

ശുപാർശ 27, 28 (ഖണ്ഡിക 36, 37)

മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കുന്ന ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമെതിരെ ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇവിടങ്ങളിലെ വീടുകൾക്ക് സെപ്ടിക് ടാങ്കോടുകൂടി കക്കൂസുകളുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ദരിദ്ര വിഭാഗങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കക്കൂസുകൾ നിർമ്മിച്ച് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

മാംസാവശിഷ്ടങ്ങൾ കൊണ്ടിടുന്ന സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണ സംവിധാനമൊരുക്കണമെന്നും ഇവിടങ്ങളിൽ ഇടയ്ക്കിടെ പോലീസ് പെട്രോളിംഗ് നടത്തണമെന്നും മാലിന്യങ്ങൾ കൊണ്ടിടുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും അതിനുപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഇക്കാര്യങ്ങൾ എല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആലപ്പുഴ കായൽപ്രദേശത്ത് ടോട്ടൽ സാനിട്ടേഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള തുക ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായത്തിന് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ 29 (ഖണ്ഡിക 38)

ഇവിടെ എത്തുന്ന മെഡിക്കൽ ടൂറിസ്റ്റുകൾക്ക് എയർപോർട്ടിൽനിന്നുതന്നെ യാത്രാസൗകര്യം, താമസസൗകര്യം, സെക്യൂരിറ്റി തുടങ്ങിയവ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ അവസ്ഥയിൽ മെഡിക്കൽ ടൂറിസം രംഗത്ത് ഇത്തരം സൗകര്യങ്ങൾ ടൂറിസം വകുപ്പിന് നേരിട്ട് ഏർപ്പെടുത്തുവാൻ കഴിയുന്നതല്ല.

ശുപാർശ 30 (ഖണ്ഡിക 39)

മുഴപ്പിലങ്ങാട്ടും അഴിക്കോട് മീൻകുന്ന് ബീച്ചിലും സഞ്ചാരികൾക്ക് താമസ സൗകര്യമില്ലെന്നതിനാൽ സ്വകാര്യപങ്കാളിത്തത്തോടുകൂടി താമസസൗകര്യം ഏർപ്പെടുത്തണമെന്നും മുഴപ്പിലങ്ങാട് ഗ്ലൈഡർ ഉപയോഗിച്ചുള്ള സാഹസിക ടൂറിസത്തിന് സൗകര്യമുള്ളതിനാൽ അത് നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ധർമ്മടം, വടകര, ബേപ്പൂർ, കാപ്പാട് എന്നീ പ്രധാനപ്പെട്ട ബീച്ചുകളിലും വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ധർമ്മടം ബീച്ചും തുരുത്തും കേന്ദ്രീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായം ഉപയോഗിച്ച് രാജ്യാന്തര നിലവാരമുള്ള ഓഷനേറിയം സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ടൂറിസം വകുപ്പ് നേരിട്ട് താമസസൗകര്യം ഏർപ്പെടുത്തുന്നില്ലെങ്കിലും മുഴുപ്പിലങ്ങാട് കെ.ടി.ഡി.സി.-യുടെ ഒരു ബീച്ച് റിസോർട്ട് നിർമ്മിക്കുന്നതിന് കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. മറ്റ് ബീച്ചുകളിലെ താമസസൗകര്യങ്ങൾ സ്വകാര്യ സംരംഭകരുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ടി.ആർ.കെ.എൽ. മുഖേന സ്വീകരിച്ചുവരുന്നു. ധർമ്മടം ബീച്ചിൽ ഓഷനേറിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രായോഗികമല്ല.

ശുപാർശ 25 (ഖണ്ഡിക 35)

ബീച്ച് ടൂറിസം വികസിപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന പദ്ധതികൾ നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ബീച്ച് ടൂറിസം വികസനം പ്രധാനമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് നടപ്പിലാക്കിവരുന്നത്. കേരളത്തിലെ ടൂറിസം സാധ്യതയുള്ള മിക്ക ബീച്ചുകളും സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ച് കഴിഞ്ഞു.

ശുപാർശ 32 (ഖണ്ഡിക 41)

നിർദ്ദിഷ്ട കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമാകുന്നതോടുകൂടി മലബാറിലെ വികസന സാദ്ധ്യതകളുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഇതിന്റെ പരിപാലനത്തിന് ടൂറിസം വികസന ഏജൻസികളിൽനിന്ന് തുക കണ്ടെത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

മലബാർ ടൂറിസം പാക്കേജിലുൾപ്പെടുത്തി മിക്ക ടൂറിസം റോഡുകളും വികസിപ്പിച്ച് വരുന്നുണ്ട്.

ശുപാർശ 33 (ഖണ്ഡിക 42)

പറശ്ശനിക്കടവിനോട് ചേർന്നുകിടക്കുന്ന കൊളച്ചേരി, മയ്യിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ 'നാടൻ കലാ ഗ്രാമം' എന്ന പദ്ധതിക്ക് തുടക്കമിടണമെന്നും ഗവേഷകർക്കായുള്ള സൗകര്യങ്ങൾ, കളരിപ്പയറ്റ്, യോഗ പരിശീലന സൗകര്യങ്ങൾ, കണ്ണൂരിന്റെ തനത് ഉല്പന്നങ്ങളായ പവിത്രമോതിരം, ഓട് ഉൽപ്പന്നങ്ങൾ (ചെറിയ കിണ്ടി, തെയ്യം രൂപങ്ങൾ) എന്നിവയുടെ പ്രദർശനവും വില്പനയും നിർമ്മാണവും ഇവിടെ ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഇരിങ്ങലിൽ ഭാഗികമായി കലാഗ്രാമം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുള്ള വെള്ളാർ കേന്ദ്രമാക്കി ഒരു കലാഗ്രാമം ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഈ കലാഗ്രാമങ്ങളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം പുതിയവ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശുപാർശ 25 (ഖണ്ഡിക 35)

പറശ്ശനിക്കടവ്, കൊട്ടിയൂർ, കുന്നത്തൂർപാടി, രാജരാജേശ്വര ക്ഷേത്രം എന്നിവ ഉൾക്കൊള്ളിച്ച് തീർത്ഥാടക ടൂറിസം പദ്ധതി വികസിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടൂറിസം വകുപ്പ് നേരിട്ട് പിൽഗ്രിം ടൂറിസം സർക്യൂട്ട് പാക്കേജ് നടത്തുന്നില്ല. എന്നാൽ വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

<u>ശുപാർശ 35 (ഖണ്ഡിക 44)</u>

മുന്നൂറ് വർഷംമുമ്പ് ആദ്യമലയാള നിഘണ്ടുവും വർത്തമാന പത്രവും നൽകിയ ഹെർമൻ ഗുണ്ടർട്ടിന്റെ സ്മരണയ്ക്കായി തലശ്ശേരി ഹെർമൻ ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷിക്കണമെന്നും (സി.എസ്.ഐ.-യുമായി ധാരണയിലെത്തി) സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അറയ്ക്കൽകെട്ട് മ്യൂസിയം വികസിപ്പിച്ചിട്ടുണ്ട്. തലശ്ശേരിയിലെ ഹെർമ്മൻ ഗുണ്ടർട്ട് ബംഗ്ലാവിന്റെ സംരക്ഷണം തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശുപാർശ 36 (ഖണ്ഡിക 45)</u>

തലശ്ശേരിയുടെ ചരിത്ര പ്രാധാന്യമുള്ള മേഖലകൾ ടൂറിസം പ്രാധാന്യത്തോടെ സൗന്ദര്യവൽക്കരിക്കണമെന്നും തലശ്ശേരി കടൽപ്പാലം സംരക്ഷിച്ച് സായാഹ്ന വിനോദസഞ്ചാരകേന്ദ്രമാക്കി മാറ്റണമെന്നും തലശ്ശേരി ഹെറിറ്റേജ് ഭാഗമായുള്ള ഓവർബറീസ്ഫോളി നവീകരണം ഉടൻ പൂർത്തിയാക്കണമെന്നും സീ വ്യൂ പാർക്കിന്റെയും, സെന്റിനറി പാർക്കിന്റെയും നവീകരണം ഇനിയും വൈകരുതെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശുപാർശ 37 (ഖണ്ഡിക 46)</u>

പഴശ്ശി ഗാർഡൻ നവീകരണം, ഡാം സൈറ്റ് കേന്ദ്രീകരിച്ച് പരിസ്ഥിതി സൗഹൃദ ബോട്ടിങ്, ഡാം ഏരിയായിലുള്ള തുരുത്തുകളും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗിക്കാത്ത പ്രദേശങ്ങളും ഉൾപ്പെടുത്തി ബയോപാർക്കിനുള്ള സാധ്യത എന്നിവ പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി നടപ്പിലാക്കി വരുന്നു. എന്നാൽ കാലവർഷക്കെടുതിയിൽ ഇതിന് നാശനഷ്ടം വന്നിട്ടുണ്ട്. പുതിയ പദ്ധതി പരിഗണനയിലാണ്.

<u>ശുപാർശ 38 (ഖണ്ഡിക 47)</u>

പൊതുമരാമത്ത്, വനം തുടങ്ങി മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് നടത്തുന്ന വിനോദ സഞ്ചാര വികസന പദ്ധതികൾ പലതും പണിയുടെ ആരംഭത്തിൽ ഉദ്ദേശിക്കുന്നവിധം പൂർത്തിയാക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. അതിനാൽ പണി ആരംഭിക്കുന്നതിനു മുമ്പുതന്നെ അതത് വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്നത് നിർബന്ധമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി നിർദ്ദേശിക്കുന്നതിനുമുമ്പുതന്നെ അതത് വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. വാങ്ങുന്നതിനുള്ള സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശുപാർശ 39 (ഖണ്ഡിക 48)</u>

ടൂറിസം ട്രെയിൻ വിജയകരമായി നടത്താൻ സാധ്യതയുള്ള കേരളത്തിൽനിന്ന് ആവശ്യമായ പദ്ധതി നിർദ്ദേശം നൽകി വിനോദസഞ്ചാര ട്രെയിൻ കേരളത്തിലും ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

റെയിൽവേയുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശുപാർശ 40 (ഖണ്ഡിക 49)</u>

ഹിൽ സ്റ്റേഷനുകളിലേക്കുള്ള റോഡുകൾ നവീകരിക്കണമെന്നും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സ്മാരകങ്ങളും സന്ദർശിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുമായി ആലോചിച്ച് ബസ് സർവ്വീസ് ആരംഭിക്കണമെന്നും ഓരോ കേന്ദ്രങ്ങളിലും താമസം, ഭക്ഷണം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും വിദേശീയ-തദ്ദേശീയ വിനോദസഞ്ചാരികളുടെ വർദ്ധനവ് പരിഗണിച്ച് തദ്ദേശീയരുടെ സഹായത്തോടുകൂടി വഴിയോര വിശ്രമകേന്ദ്രങ്ങളും ടോയിലറ്റുകളും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓരോ ജില്ലകളിലെയും പ്രധാന ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ബസ് റൂട്ടുണ്ടെന്ന് ഉറപ്പാക്കുവാനും അവിടെ ബസിന്റെ സാധ്യത പരിശോധിക്കുവാനും ആർ.സി.എ. ചെയർമാൻ കൂടിയായ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ വഴിയോര വിശ്രമ കേന്ദ്രങ്ങളും ടോയ്‌ലറ്റുകളും വകുപ്പ് സ്ഥാപിച്ചു വരുന്നു.

<u>ശുപാർശ 41 (ഖണ്ഡിക 50)</u>

കുറഞ്ഞ റേറ്റിലുള്ള വൃത്തിയുള്ള മുറികൾ കൂടുതലായി ലഭ്യമാക്കണമെന്നും സ്വകാര്യ ഹോട്ടലുകാരുടെ ചൂഷണത്തിൽനിന്ന് വിനോദസഞ്ചാരികളെ രക്ഷിക്കുന്നതിനായി സ്വകാര്യ ഹോട്ടലുടമകൾക്ക് തെരെഞ്ഞെടുത്ത പ്രദേശങ്ങളിൽ ലൈസൻസ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പും ന്യായമായ വാടകയിൽ താമസസൗകര്യം ഒരുക്കുന്നതിന് ടൂറിസം വകുപ്പും കെ.ടി.ഡി.സി.-യും നടപടി സ്വീകരിക്കണമെന്നും പരിമിതമായ താമസസൗകര്യം മാത്രമുള്ള സ്ഥലങ്ങളിൽ പേയിംഗ് ഗസ്റ്റ് സംവിധാനം ഏർപ്പെടുത്താനും ആയതിന് സർക്കാർ നിരീക്ഷണവും ഉത്തരവാദിത്വവുമുള്ള

സെന്ററുകൾ ആരംഭിക്കണമെന്നും ജീർണ്ണാവസ്ഥയിലുള്ള കോഴിക്കോട് സർക്കാർ ഗസ്റ്റ് ഹൗസ് നവീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഗസ്റ്റ് ഹൗസുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ടൂറിസം വകുപ്പ് നേരിട്ട് ചെയ്തുതീർക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ടൂറിസ്റ്റുകൾക്ക് കുറഞ്ഞ നിരക്കിൽ താമസസൗകര്യം ഏർപ്പെടുത്തുന്നതിന് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ യാത്രിനിവാസുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണിയും നടത്തി വരുന്നു. സുൽത്താൻബത്തേരി, കണ്ണൂർ എന്നിവിടങ്ങളിലെ ഗസ്റ്റ് ഹൗസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ശുപാർശ 42 (ഖണ്ഡിക 51)

ഹിൽ റിസോർട്ടുകൾ വികസിപ്പിക്കണമെന്നും ട്രക്കിംഗ് പോലുള്ള സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രക്കിംഗ് പാതകളും ക്യാംപിംങ് സൗകര്യവും ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വയനാട് കേന്ദ്രമായി റോപ്‌വേക്കുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഹിൽ സ്റ്റേഷനുകളിൽ ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന കോട്ടേജുകൾ പലതും പ്രവർത്തനരഹിതമാണ്. വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കത്തക്കവിധം കോട്ടേജുകൾ പുനരുദ്ധരിക്കണമെന്നും എല്ലാ ജില്ലകളിലേയും പ്രവർത്തനരഹിതമായിട്ടുള്ള ആരാം മോട്ടലുകളുടെ പ്രവർത്തനം പുനരാരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ സ്ഥലങ്ങളിൽ ഡി.റ്റി.പി.സി.-യുമായി ചേർന്നുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൈതൽ മല, റാണിപുരം എന്നീ ഹിൽ സ്റ്റേഷനുകളിൽ കോട്ടേജുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പിന് സ്ഥലം ലഭ്യമായിടത്തെല്ലാം ഹിൽ റിസോർട്ടുകൾ/കോട്ടേജുകൾ വികസിപ്പിക്കുവാൻ നടപടി എടുക്കുന്നതാണ്.

ശുപാർശ 43 (ഖണ്ഡിക 52)

ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പിൽ രൂപീകരിച്ച ടൂറിസ്റ്റ് പോലീസിന്റെ സേവനം സീസണിൽ കൂടുതലായി ലഭ്യമാക്കണമെന്നും മൊബൈൽ സംവിധാനം, ഹെൽപ്പ്‌ലൈൻ സംവിധാനം എന്നിവ ശക്തിപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സന്ദർശകരുടെ സുരക്ഷയ്ക്കായി കൂടുതൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശുപാർശ 44 (ഖണ്ഡിക 53)</u>

വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കവിധം ടൗൺ സ്ക്വയർ മാതൃകയിൽ വില്ലേജ് സ്ക്വയർ സ്ഥാപിക്കണമെന്നും അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശന വിൽപ്പന പരിപാടികൾ ആവിഷ്കരിച്ച് അവയുടെ നിർമ്മാണം കാണുന്നതിനും അവ വാങ്ങുന്നതിനും ഈ കേന്ദ്രങ്ങൾ മുഖേന വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് വിജയകരമായി പ്രവർത്തിച്ചുവരുന്നു. കോവളത്ത് വെള്ളാറിൽ ഇത്തരത്തിലുള്ള മറ്റൊരു പദ്ധതി പൂർത്തിയായി വരുന്നു.

<u>ശുപാർശ 45 (ഖണ്ഡിക 54)</u>

വിദേശ രാജ്യങ്ങളിൽക്കൂടി റോഡ്ഷോ സംഘടിപ്പിക്കണമെന്നും ഈ രംഗത്ത് സ്വകാര്യ മേഖലയോട് മത്സരിക്കുന്നതിന് പൊതുമേഖലാസ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധമാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിദേശ രാജ്യങ്ങളിൽ കൂടുതൽ റോഡ്ഷോകൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

<u>ശുപാർശ 46 (ഖണ്ഡിക 55)</u>

സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിരം ട്രേഡ് സെന്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ട്രേഡ് സെന്ററുകൾ സ്വകാര്യമേഖലയിലാണ് വികസിപ്പിക്കേണ്ടത് എന്നതാണ് ഇക്കാര്യത്തിൽ വകുപ്പിന്റെ അഭിപ്രായം.

<u>ശുപാർശ 47 (ഖണ്ഡിക 56)</u>

പരിസര ശുചിത്വത്തിന് പ്രാധാന്യം നൽകി അന്താരാഷ്ട്ര നിലവാരത്തിൽ മാലിന്യനിർമ്മാർജ്ജന സംവിധാനം കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ലീൻ ക്യാമ്പെയിൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിയും 14 ജില്ലകളിലും നടപ്പിലാക്കുന്നതിലേക്കായി വകുപ്പ് നൽകിയിട്ടുണ്ട്.

ശുപാർശ 48 (ഖണ്ഡിക 57)

റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തണമെന്നും യാത്രാസൗകര്യം, വഴിയോര വിശ്രമകേന്ദ്രങ്ങൾ, താമസസൗകര്യം എന്നിവ ഒരുക്കുന്നതിന് ഒരു നിശ്ചിത തുക ഈടാക്കിക്കൊണ്ട് സ്വകാര്യ സംരംഭകരെക്കൂടി പങ്കാളികളാക്കിക്കൊണ്ട് പ്രോജക്ട് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നടപ്പിലാക്കി വരുന്നു.

ശുപാർശ 49 (ഖണ്ഡിക 58)

ടൂറിസം പദ്ധതികൾ വിവിധ വകുപ്പുകളുടെ ചുമതലയിലാണ് നടപ്പാക്കുന്നതെന്നതിനാൽ ഇത് സംബന്ധിച്ച് വേണ്ടത്ര ഏകോപനം ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ചീഫ് സെക്രട്ടറി തലത്തിൽ ഉണ്ടാകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പുതിയ ടൂറിസം പോളിസിയിൽ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജലവിതരണ സംവിധാനം, സഞ്ചാര സൗകര്യം, തെരുവ് വിളക്കുകൾ, മാലിന്യ സംസ്കരണം എന്നിവയാണ് പ്രധാന പദ്ധതികൾ. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ടൂറിസം മന്ത്രി ഉപാദ്ധ്യക്ഷനായും, ഒരു ക്യാബിനറ്റ് കമ്മിറ്റി ടൂറിസത്തിനുവേണ്ടി രൂപീകരിക്കും. മറ്റ് വകുപ്പുമന്ത്രിമാർ അംഗങ്ങളായ ഈ കമ്മിറ്റി ടൂറിസം മേഖലയിലെ സുപ്രധാന പദ്ധതികളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കും.

ശുപാർശ 50 (ഖണ്ഡിക 59)

ഭരണപരമായ കാര്യക്ഷമതയില്ലായ്മകൊണ്ട് പദ്ധതികൾ നീണ്ടുപോകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചചെയ്ത് പദ്ധതികൾ പൂർത്തിയാക്കണമെന്നും ഉദ്യോഗസ്ഥ തലത്തിൽ തീരാതെ വരുന്ന പ്രശ്നങ്ങൾ മന്ത്രിതലത്തിൽ ചർച്ച ചെയ്ത് പരിഹരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

മന്ത്രിതലത്തിൽ തന്നെ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്.

ശുപാർശ 51 (ഖണ്ഡിക 60)

ആഭ്യന്തര ടൂറിസത്തിന് പ്രാധാന്യം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ടൂറിസം വികസനം ലക്ഷ്യമാക്കിക്കൊണ്ട് ഓരോ പ്രദേശത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കണമെന്നും വിനോദസഞ്ചാരം, ഗതാഗതം, വനം, പരിസ്ഥിതി, റവന്യൂ, ഊർജം, ജലവിഭവം, തദ്ദേശസ്വയംഭരണം, വ്യവസായം, ആരോഗ്യം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം വിനോദ സഞ്ചാര വികസനത്തിനുണ്ടാകണമെന്നും ആകർഷകമായ ടൂർ പാക്കേജുകൾക്ക് രൂപംനൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം നടപടികൾ എടുത്തുവരുന്നു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 19.